(ബി) ഇല്ല.

(സി) 2004-2005-ൽ കാണിയക്കാട് ഗവൺമെന്റ് എൽ.പി.എസിൽ ആകെ 6 കുട്ടികളും (1 മുതൽ 4 വരെ) കല്ലൂർക്കാട്ട് ഗവൺമെന്റ് എൽ.പി.എസിൽ ആകെ 5 കുട്ടികളും (1 മുതൽ 4 വരെ) മാത്രമാണ് ഉണ്ടായിരുന്നത്. ഈ സാഹചര്യത്തിൽ 2005-2006-ൽ സ്കൂൾ പൂട്ടിപ്പോകും എന്നുള്ള രക്ഷിതാക്കളുടെ ആശങ്കയാണ് ഈ വർഷം ഒരു കുട്ടിപോലും സ്കൂളിൽ ചേരാതിരിക്കാൻ കാരണം. കാണിയക്കാട് ഗവൺമെന്റ് എൽ.പി.എസിൽനിന്നും രണ്ടു കിലോമീറ്റർ അകലത്തിൽ സെന്റ് മേരീസ് എൽ.പി.എസ്. എന്ന എയ്ഡഡ് സ്കൂളും, കല്ലൂർക്കാട് ഗവൺമെന്റ് എൽ.പി.എസിൽ നിന്നും രണ്ടര കിലോമീറ്റർ അകലത്തിൽ എയ്ഡഡ് സ്ഥാപനമായ സെന്റ് അഗസ്റ്റിൻ എൽ.പി.എസും പ്രവർത്തിക്കുന്നതിനാൽ ഈ പ്രദേശങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസപരമായ ആവശ്യം നിറവേറ്റപ്പെടുന്നുണ്ട്.

ആദിവാസികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ നടപടി

*13 [435] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:*

„ *കെ. പി. രാജേന്ദ്രൻ:*

„ *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ വിവിധ പ്രദേശങ്ങളിലായി ആദിവാസികൾ കൊലചെയ്യപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിഗൂഢവും സംശയാസ്പദവുമായ സാഹചര്യങ്ങളിൽ നിരവധി ആദിവാസി യുവതികൾ കൊലചെയ്യപ്പെട്ടത് കണക്കിലെടുത്ത് ഇവരുടെ ജീവന് സംരക്ഷണം നൽകാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഈ കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഇവരെ സഹായിക്കാനുമായി സന്നദ്ധസംഘടനകളെയും വാളണ്ടിയർമാരെയും ചുമതലപ്പെടുത്തുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) 2005 ജനുവരി 1 മുതൽ ജൂലായ് 25 വരെ അട്ടപ്പാടി മേഖലയിൽ 3 ആദിവാസികൾ കൊലചെയ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) ആദിവാസി മേഖലയിൽ നിഗൂഢവും സംശയാസ്പദവുമായ സാഹചര്യങ്ങളിൽ നാളിതുവരെ ആദിവാസി യുവതികൾ കൊലചെയ്യപ്പെട്ടിട്ടില്ല. അട്ടപ്പാടി മേഖലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന അസ്വാഭാവിക മരണ കേസുകൾ എല്ലാംതന്നെ വളരെ കാര്യക്ഷമമായി പോലീസ് അന്വേഷിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആദിവാസികൾ ഉൾപ്പെട്ട കേസുകളുടെ അന്വേഷണത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കേണ്ടതിലേക്കായി ഡിവൈ.എസ്.പി.ക്ക് കീഴിൽ ഒരു പ്രത്യേക സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അഗളി പോലീസ് സർക്കിളിന്റെ മേൽനോട്ടചുമതലയും ഈ ഡിവൈ.എസ്.പി.ക്ക് നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ സന്നദ്ധസംഘടനകളുടെയും വാളണ്ടിയർമാരുടെയും സേവനം ആവശ്യമില്ല.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതിക്കായുള്ള പദ്ധതികൾ

*14 [436] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതിക്കായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇവരുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ):*

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപുരോഗതിക്കായുള്ള പദ്ധതികൾ അനുബന്ധം (1)-ലും† പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപുരോഗതിക്കായുള്ള പദ്ധതികൾ അനുബന്ധം (2)-ലും‡ ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്.

(സി) പട്ടികജാതി വിദ്യാർത്ഥികൾക്കായി നഴ്സിംഗ് സ്കൂൾ/കോളേജ് തുടങ്ങുന്നതിനുവേണ്ടിയുള്ള പ്രോജക്ട് തയ്യാറാക്കിവരുന്നു. പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പാക്കുന്നതിന് കേന്ദ്രസഹായത്തോടെ 504.24 ലക്ഷം രൂപ ചെലവുവരുന്ന പ്രോജക്ട്, പാലക്കാടും, കോഴിക്കോടും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഓരോ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, അട്ടപ്പാടിയിൽ സി.ബി.എസ്.ഇ. സിലബസിൽ ഒരു റസിഡൻഷ്യൽ സ്കൂൾ എന്നിവയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

---

†അനുബന്ധം II കാണുക.

‡അനുബന്ധം II A കാണുക.

LIBRARY ARCHIVES Kerala Legislative Assembly